Email: ddpalappuzha@gmail.com
Blog : ddpalappuzha.blogspot.com
Phone & Fax No: 0477-2251599

# ആലപ്പുഴ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ നടപടിക്രമങ്ങൾ

**വിഷയം:-** ജീവനക്കാര്യം – കേരള പഞ്ചായത്ത് സബോർഡിനേറ്റ് സർവ്വീസ്– എൽ.ഡി.ക്ളാർക്ക് തസ്തികയിലെ നിയമനം– ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പരാമർശം:-** 1. കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ ആലപ്പുഴജില്ലാ ആഫീസറുടെ 4/5/2011ലെ എആർ.2 (3) 331/07(13) നമ്പർ കത്ത്.

## ഉത്തരവ് നമ്പർ–E3-528/2011 തീയതി: 3/6/2011

ആലപ്പുഴ ജില്ലയിൽ പഞ്ചായത്ത് വകുപ്പിൽ എൽ.ഡി.ക്ളാർക്ക് തസ്തികയിൽ നിയമിക്കപ്പെടുന്നതിന് 1958ലെ കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവീസ് റൂൾസിലെ ജനറൽ റൂൾ 3(സി)യ്ക്ക് വിധേയമായി കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ ആലപ്പുഴ ജില്ലാ ആഫീസർ പരാമർശം (1) പ്രകാരം ശുപാർശ ചെയ്തിട്ടുള്ള താഴെ പറയുന്ന ഉദ്യോഗാർത്ഥികളെ 5250-8390/– രൂപ ശമ്പള സ്ക്കെയിലിൽ പഞ്ചായത്ത് വകുപ്പിൽ 1958 ലെ കെ.എസ്സ്. ആന്റ് എസ്സ്.എസ്സ്.ആർ 9 (എ) (1) നും കേരള പഞ്ചായത്ത് സബോർഡിനേറ്റ് റൂൾ 1994 ലെ ബന്ധപ്പെട്ട വകുപ്പുകൾക്കും, ചട്ടങ്ങൾക്കും വിധേയമായി അവരവരുടെ പേരിന് നേരെ 7–ാംകോളത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന ഓഫീസുകളിൽ നിയമിച്ച് ഉത്തരവാകുന്നു. ഉദ്യോഗാർത്ഥി ജോലിയിൽ പ്രവേശിക്കുന്ന സമയത്ത് ടിയാളുടെ പ്രായം, വിദ്യാഭ്യാസ യോഗ്യത എന്നിവ തെളിയിക്കുന്ന രേഖകൾ, അസിസ്റ്റന്റ് സർജനിൽ കുറയാത്ത റാങ്കുള്ള മെഡിക്കൽ ഓഫീസർ നൽകുന്ന ശാരീരിക ക്ഷമതാ സർട്ടിഫിക്കറ്റ്, ഒരു ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ ഒരു മാസത്തിനകമുള്ള സ്വഭാവ സർട്ടിഫിക്കറ്റ്, സമുദായം രേഖപ്പെടുത്തപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികൾ സമുദായ സർട്ടിഫിക്കറ്റ്, നോൺ ക്രിമിലെയർ സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കേണ്ടതും, ബന്ധപ്പെട്ട ഓഫീസ് മേധാവി അവ പരിശോധിച്ച് ബോദ്ധ്യപ്പെടേണ്ടതുമാണ്. നിയമാനുസൃത അന്വേഷണത്തിൽ ഉദ്യോഗാർത്ഥിയുടെ സ്വഭാവം, പൂർവ്വകാല ചരിത്രം എന്നിവ തൃപ്തികരമല്ലെന്ന് കാണുന്നപക്ഷം യാതൊരു മുന്നറിയിപ്പും കൂടാതെ ജീവനക്കാരനെ സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള അധികാരം സർക്കാരിനുണ്ടായിരിക്കുന്നതാണ്.

| ക്രമ നമ്പർ | പേരും മേൽവിലാസവും | പിതാവിന്റെ/ രക്ഷകർത്താവിന്റെ പേര് | ജനന തീയതി | വിദ്യാഭ്യാസ യോഗ്യത | നിയമന രീതി | നിയമനം നൽകിയ പഞ്ചായത്തിന്റെ പേര് |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| 1 | സുനിത.കെ.പി, കൊച്ചുവീട്ടിൽ, കപ്പക്കയം.പി.ഒ, കൊമ്പുകുത്തി, മുണ്ടക്കയം–686 513 | കെ.കെ.പദ്മനാഭൻ | 29/12/1980 | 1. SSLC | Reserve Turn | മാവേലിക്കര തെക്കേക്കര |
| 2 | അനു.എസ്, ചൂഴനാട്ട് ഹൗസ്, എസ്.എൻ.പുരം.പി.ഒ, ചേർത്തല, ആലപ്പുഴ | കെ.ശാന്തകുമാർ | 09/01/1982 | 1. SSLC | Reserve Turn | വെളിയനാട് |
| 3 | മൊജീഷ മോഹൻ.ആർ.എൻ, രാജ്ഭവനം, സൗത്ത് ആര്യാട്, ഭാവനജംഗ്ഷൻ, അവലൂക്കുന്ന്.പി.ഒ, ആലപ്പുഴ–688 006. | എ.മോഹനൻ | 07/05/1981 | 1. SSLC | Reserve Turn | ചെന്നിത്തല–തൃപ്പെരുന്തുറ |
| 4 | ഷാജിമോൻ.സി.എൽ, ചാത്തങ്ങാട്ട്, താര, പട്ടണക്കാട്.പി.ഒ, ചേർത്തല | ഓമന.എം | 15/05/1971 | 1. SSC | By transfer from LPE | പള്ളിപ്പാട് |
| 5 | രശ്മി.ആർ, അർച്ചന, പള്ളിപ്പടി, കരക്കാട്.പി.ഒ, ചെങ്ങന്നൂർ–689 504 | റ്റി.വി.രാഘവൻ | 18/03/1980 | SSLC | Reserve Turn | തിരുവൻവണ്ടൂർ |
| 6 | രാജേഷ്.കെ.ആർ, കനീക്കരവടക്കതിൽ, മഹാദേവികാട്.പി.ഒ, കാർത്തികപ്പള്ളി, ആലപ്പുഴ–690 555 | ബി.കെ.രഘുനാഥൻ | 13/05/1982 | 1. SSLC | Reserve Turn | ആറാട്ടുപുഴ |
| 7 | ശ്രീജ.എം.എസ്, W/o സജിമോൻ.പി.പി, പൂക്കോത്ര ഹൗസ്, ശ്രീനിവാസ്, ചമ്പക്കുളം.പി.ഒ, ആലപ്പുഴ–688 505. | സജിമോൻ.പി.പി | 15/05/1983 | 1. SSLC | OC Turn | തലവടി |
| 8 | മനേഷ്.എം, ഇഞ്ചൻതുരുത്ത്, പൊങ്ങ.പി.ഒ, നെടുമുടി–688 512. | കെ.വി.മോഹനൻ | 25/05/1983 | 1. SSLC | Reserve Turn | തലവടി |

നിയമന ഉത്തരവ് കൈപ്പറ്റി **15** ദിവസത്തിനകം ഉദ്യോഗാർത്ഥി നിയമനം ലഭിച്ചിട്ടുള്ള ആഫീസിൽ ജോലിയിൽ പ്രവേശിക്കേണ്ടതാണ് അല്ലാത്ത പക്ഷം യാതൊരു മുന്നറിയിപ്പും കൂടാതെ നിയമനം റദ്ദു ചെയ്യുന്നതാണ്. ജോലിയിൽ പ്രവേശിച്ച ശേഷം

സേവനപുസ്തകത്തിലെ ജനന തീയതി തിരുത്തേണ്ടി വരുന്നുവെങ്കിൽ ആയത് ബഹു:സർക്കാരിന്റെ 30/12/91 ലെ ജി.ഒ.(പി)45/91 പി&എ.ആർ.ഡി. നമ്പർ ഉത്തരവിനു വിധേയമായിട്ടായിരിക്കും.

ജീവനക്കാരന്റെ പ്രൊബേഷൻ കാലയളവ് 3 വർഷത്തെ സർവ്വീസിൽ തുടർച്ചയായ 2 വർഷം ആയിരിക്കും. പ്രസ്തുത കാലയളവിനുള്ളിൽ എം.ഒ.പി.എന്ന വകുപ്പു തല പരീക്ഷ പാസായിരിക്കേണ്ടതാണ്.ഗ്രൂപ്പ് ഇൻഷുറൻസ് എസ്.എൽ.ഐ എന്നിവയിൽ ചേരാതെ ആദ്യ ഇൻക്രിമെന്റ് അനുവദിക്കുന്നതല്ല.

ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്ന പ്രൊഫോർമ ഉദ്യോഗാർത്ഥി ജോലിയിൽ പ്രവേശിക്കുന്നതിനു മുമ്പ് ടിയാളെക്കൊണ്ട് പൂരിപ്പിച്ച് ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ഈ ആഫീസിലേയ്ക്ക് അയച്ചു തരേണ്ടതാണ്. ഇതോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കുന്ന തിരിച്ചറിയൽ സാക്ഷ്യപത്രം ബന്ധപ്പെട്ട ആഫീസ് മേധാവി പരിശോധിച്ച് ആയത് ഉദ്യോഗാർത്ഥിയുടേതാണെന്ന് ബോദ്ധ്യപ്പെട്ട് പ്രസ്തുത സാക്ഷ്യപത്രം ജീവനക്കാരന്റെ സേവന പുസ്തകത്തിൽ പതിച്ച് സൂക്ഷിക്കേണ്ടതാണ്.

ഉദ്യോഗാർത്ഥി ജോലിയിൽ പ്രവേശിക്കുന്ന വിവരം യഥാസമയം തന്നെ നിയമനാധികാരിയെ അറിയിക്കേണ്ടതുമാണ്.

ഒപ്പ്/-

കെ.പി.സാബുക്കുട്ടൻനായർ
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,
ആലപ്പുഴ

പകർപ്പ് : ഉദ്യോഗാർത്ഥിയ്ക്ക് ( 8 )
സെക്രട്ടറി .............................ഗ്രാമ പഞ്ചായത്ത്
(രജിസ്റ്റേർഡ് തപാലിൽ)
„ : പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം ( ഉപരിപത്രം സഹിതം)
„ : പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടേയും, അസിസ്റ്റന്റ് ഡയറക്ടറുടേയും മേശപ്പുറത്ത്,
„ : കരുതൽ, അധികം

//ആജ്ഞാനുസരണം //

സൂപ്രണ്ട്.

O.A/